പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 569

29.06.2011- ലെ
മറുപടിക്ക്

## കയർ മേഖലയിലെ പുതിയ പദ്ധതികൾ

| ചോദ്യം<br><br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ മേഖലയിലെ പിരി തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച 200 രൂപ കൂലി എന്നത് സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) വരുമാനം ഉറപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തി 200 രൂപ കൂലി പിരി മേഖലയിലെ സ്വകാര്യ സഹകരണ മേഖലയിലെ കയർ കയർപിരി തൊഴിലാളികൾക്ക് നല്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) എൻ. സി.ആർ. എം.ഐ യുടെ മുന്നേറ്റത്തെ മുൻനിർത്തി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പരിപാടികൾക്ക് രൂപമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ; | (ബി) എൻ സി ആർ എം ഐ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധയിനം കയർ പിരിക്കാവുന്ന അതിനൂതനമായ ഉല്പാദനക്ഷമത കൂടിയ കയർപിരി യന്ത്രത്തിന്റെ രൂപകല്പന അവസാന ഘട്ടത്തിലാണ്. ഈ പിരിയന്ത്രം ഉടൻ തന്നെ കയർ മേഖലയ്ക്ക് സമർപ്പിക്കുന്നതാണ്. ഇതിനു പുറമെ സെമി ആട്ടോമാറ്റിക് ലൂം, സങ്കരയാൺ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള യന്ത്രങ്ങൾ എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>• കയർ ഭൂവസ്ത്ര വികസനത്തിന്റെ ഭാഗമായി കയർ ഭൂവസ്ത്രത്തിന്റെ വ്യത്യസ്ത ധർമ്മങ്ങൾ പഠിക്കുന്നതിനും അവ വിശകലനം |

| | |
|---|---|
| | ചെയ്യുന്നതിനും വേണ്ടി എൻ സി ആർ എം ഐ ക്യാമ്പസിൽ ജിയോടെക്സ്റ്റയിൽസ് പ്രോജക്ട് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>• കയർ ഉല്പന്നത്തിന്റെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കയർ പിത്ത് ഉപയോഗിച്ചു കൊണ്ടുള്ള പുതിയ ഉല്പന്നങ്ങൾ വികസിപ്പിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br>• പരിശീലന പരിപാടികളുടെ ഭാഗമായി കയർ വകുപ്പിലേയും കയർ പൊതു മേഖല സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥർക്കും കയർ സൊസൈറ്റികളിലെ തൊഴിലാളികൾ, ജീവനക്കാർ എന്നിവർക്കും മെച്ചപ്പെട്ട പരിശീലന പരിപാടികൾ ഉടനെ സംഘടിപ്പിക്കുന്നതാണ്.<br>• "കേരള കയർ - ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി" എന്ന ബ്രാൻഡ് നാമം കൂടുതൽ പ്രചരിപ്പിക്കുന്നതിനു വേണ്ടി വിവിധതരം വിപണനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതാണ് |
| (സി) ആലപ്പുഴയിൽ നടത്തിയ ഇന്റർനാഷണൽ കയർഫെസ്റ്റ് 2012-ലും നടത്തുന്നുണ്ടോ; എങ്കിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (സി) 2011 ൽ നടത്തിയ ഇന്റർനാഷണൽ കയർ ഫെയറായ "കയർ കേരള" 2012 ലും നടത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ച് വരികയാണ്. |
| (ഡി) ആലപ്പുഴയിൽ നിർമ്മാണം ആരംഭിച്ച കയർ ഫാക്ടറിയുടെ ആസ്ഥാന മന്ദിരവും ഫാക്ടറിയും പൂർത്തീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി ഈ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (ഡി) പ്രതികൂലമായ കാലാവസ്ഥയും ചില സാങ്കേതിക പ്രശ്നങ്ങളും കാരണം നിർമ്മാണ പ്രവർത്തനങ്ങളിൽ ചെറിയ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആസ്ഥാന മന്ദിരം 3 മാസത്തിനകവും ഫാക്ടറി 4 മാസത്തിനകവും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ഇ) ചകിരി ക്ഷാമം പരിഹരിക്കാൻ കൈക്കൊള്ളുന്ന നടപടികൾ വിശദീകരിക്കുമോ; | (ഇ) തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു, കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. [illegible] |

| | |
|---|---|
| (എഫ്) ഫിലിപ്പിൻസിൽ നിന്നും കേരളത്തിന് അനുയോജ്യമായ ചകിരിനാര് ഇറക്കുമതി ചെയ്ത് പിരി കേന്ദ്രങ്ങൾക്ക് ന്യായവില യ്ക്ക് നൽകാനുള്ള പദ്ധതി ഗുണകര മെങ്കിൽ മുന്നോട്ടു കൊണ്ടുപോ കുമോ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (എഫ്) എൻ സി ആർ എം ഐ ഫിലിപ്പൈൻസിൽ നിന്നും സാമ്പിളായി വരുത്തിയ ചകിരിനാര് കൊണ്ട് വിവിധ സൊസൈറ്റികൾ മുഖേന വിവിധയിനം കയറുകൾ നിർമ്മിച്ചു. ഈ ചകിരിയുടേയും കയറിന്റേയും ഗുണനിലവാരം വിശകലനം ചെയ്യുന്നതിനായി എൻ സി ആർ എം ഐ യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ വച്ച് കയർ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്കൊണ്ട് സെമിനാർ സംഘടിപ്പിച്ചു. ഫിലിപ്പൈൻസിൽ നിന്നും ചകിരിനാര് ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ജി) പൊതുമേഖലാ സ്ഥാപനങ്ങ ളായ കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാ റ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, ക്ഷേമനിധി ബോർഡ് എന്നിവ യ്ക്കായി എന്തെല്ലാം പദ്ധതിക ളാണ് ആസൂത്രണം ചെയ്തിട്ടുള്ള ത്? | (ജി) ഓരോ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• <u>കയർഫെഡ്</u> : ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനും ജിയോടെക്സ്റ്റയിൽസ് ഡെവലപ്മെന്റ് പദ്ധതിയ്ക്കുമുള്ള പ്രൊപ്പോസലുകൾ ആസൂത്രണം ചെയ്ത് വരുന്നു.<br><br>• <u>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ</u> : ആലപ്പുഴയിലെ നവീകരിച്ച ഡൈ ഹൗസിന്റേയും, റബ്ബർ ബാക്കിംഗ് യൂണിറ്റിന്റേയും പ്രവർത്തനം, കണിച്ചുകുളങ്ങരയിലെ പവർ ലൂം പ്രോജക്ടിന്റെ പ്രവർത്തനം എന്നിവ ഉടൻ തന്നെ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കോഴിക്കോടുള്ള ബേപ്പൂർ യൂണിറ്റിൽ ചകിരി മെത്ത ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉടനെ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>• <u>ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്</u> : കണിച്ചുകുളങ്ങരയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയുടെ |

| | |
|---|---|
| | പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്.<br><br>• **കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്** : 1996 മുതലെങ്കിലും ക്ഷേമനിധിയിൽ നിന്നും വിരമിച്ച അംഗത്വ പെൻഷൻ കൈപ്പറ്റുന്ന തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ചു വരുന്നു. ഏപ്രിൽ 2006 മുതൽ വിരമിച്ചവർക്കാണ് നിലവിൽ ഇത് നൽകി വരുന്നത്.<br>• കൂടാതെ അംഗത്തിനോ, കുടുംബാംഗങ്ങൾക്കോ മാരക രോഗ ചികിത്സ ധനസഹായത്തിന് 10000 രൂപ നൽകാൻ കഴിയുമോ എന്ന പദ്ധതിയും ആലോചിച്ചു വരുന്നു.<br><br>കൂടാതെ കയർ ഫെഡോ കയർ കോർപ്പറേഷനോ മുഖാന്തിരം വിദേശ നിർമ്മിത പി വി സി ടഫ്റ്റഡ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ